LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. നാണുമാസ്റ്റർ : ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും അവരുടെ ക്ഷേമപരിപാടികളുമാണ് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്നതെന്ന് ഇവിടെ വ്യക്തമാക്കുകയുണ്ടായി. ആ നിലയ്ക്ക് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി ഈവകകാര്യങ്ങൾ ചെയ്യുന്നതിന് മുൻകൈയെടുക്കാൻ സാധിക്കുമോയെന്നുള്ളതാണ് പ്രശ്നം. അതിനെ സംബന്ധിച്ച് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : എംപ്ലോയ്മെന്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ അല്ല, ഒരു പ്രത്യേക മന്ത്രിയുടെ കീഴിലാണ് വരുന്നത്. അതുകൊണ്ട് ഈ ചോദ്യം ഇവിടെ പ്രസക്തമല്ല.

ശ്രീ. കെ. എ. ചന്ദ്രൻ : പാലക്കാടുള്ള കഞ്ചിക്കോട് ഒരു വൻവ്യവസായ മേഖലയാണ്. അവിടെ ഇന്ന് പല വൻകിട, ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തനം നിറുത്തികൊണ്ടിരിക്കുകയാണ്. ഇന്ന് മനോരമ പത്രത്തിൽ കഞ്ചിക്കോട് കാർബറാണ്ടത്തിൽ വി. ആർ. എസ്. (സ്വയം പിരിഞ്ഞുപോകൽ) നടപ്പിലാക്കുന്നുവെന്ന് വാർത്തയുണ്ട്. ഇങ്ങനെ കേരളീയരായ തൊഴിലാളികൾ കൂടുതലുള്ള പല സ്ഥാപനങ്ങളും നിറുത്തൽ ചെയ്യുകയോ അല്ലെങ്കിൽ വി.ആർ.എസ്. നടപ്പിലാക്കി തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരികയോ ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഏതെങ്കിലും ഫാക്ടറി ലോക്കൗട്ട് ചെയ്യുകയോ നിറുത്തുകയോ ചെയ്യുന്നതിനു നേരത്തെ ഗവൺമെന്റിന്റെ അനുവാദം വാങ്ങണം. വി. ആർ. എസ്. പലയിടത്തും നടപ്പിലാക്കിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തൊഴിൽവകുപ്പിന്റെ ചർച്ചാവേളയിൽ അതിനെ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്ന ചില കാര്യങ്ങൾ ഈ സഭയിൽത്തന്നെ പ്രസ്താവിക്കുന്നതാണ്.

ദാരിദ്ര്യരേഖാ കുടുംബ സെൻസസ്

4 (*361) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫസർ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖാ കുടുംബ സെൻസസ് പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പൂർത്തിയായതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെൻസസ് പ്രകാരം സംസ്ഥാനത്ത് എത്ര ദരിദ്ര കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ കുടുംബങ്ങൾക്കുവേണ്ടി എന്തെല്ലാം സഹായ പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ജനകീയാസൂത്രണപ്രകാരവും മറ്റുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഈ ലിസ്റ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ കൈമാറുമെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള ദാരിദ്ര്യരേഖ സെൻസസിന്റെ ഭാഗമായി വീടുകൾ സന്ദർശിച്ച് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനുള്ള ഫീൽഡ് ലവൽ സർവേ 1999 ഏപ്രിൽ മാസം പൂർത്തിയായി. അന്തിമലിസ്റ്റ് ആയിട്ടില്ല.

(ബി) പ്രാഥമിക സെൻസസ് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാദ്ധ്യതയുള്ള 23.60 ലക്ഷം (ഇരുപത്തിമൂന്നുലക്ഷത്തി അറുപതിനായിരം) കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) സ്വയംതൊഴിൽ പദ്ധതിയായ സ്വർണജയന്തി റോസ്ഗാർ യോജന, ഭവന നിർമ്മാണ പദ്ധതിയായ ഇന്ദിരാ ആവാസ് യോജന, സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതി, ജവഹർ ഗ്രാമസമൃദ്ധി യോജനയിൻകീഴിലുള്ള വ്യക്തിഗത പദ്ധതികൾ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ ദാരിദ്ര്യരേഖാ സെൻസസ് പ്രകാരം കണ്ടെത്തുന്ന കുടുംബങ്ങൾക്കു വേണ്ടി നടപ്പാക്കുന്നതാണ്. കൂടാതെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വിവിധ വ്യക്തിഗത പദ്ധതികളുടെയും ആനുകൂല്യങ്ങൾ ഈ കുടുംബങ്ങൾക്ക് നൽകുന്നതാണ്.

(ഡി) ഇല്ല. എന്യൂമറേറ്റർമാർ തയ്യാറാക്കിയ സർവേ ഫാറങ്ങളിലെ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ലിസ്റ്റ് ഗ്രാമസഭകൾ ചർച്ച ചെയ്ത് അംഗീകാരം തേടേണ്ടതുണ്ട്. കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനും ലിസ്റ്റ് ഗ്രാമസഭകളിൽ സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമസഭകളുടെ അംഗീകാരത്തിനുശേഷം അന്തിമലിസ്റ്റ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, സെൻസസ് സർവേ നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു ; കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചത് അനുസരിച്ചുള്ള മാനദണ്ഡങ്ങളായിരുന്നോ, അതോ അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ ഗവൺമെന്റിന് സ്വാതന്ത്ര്യമുണ്ടായിരുന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : രണ്ട് ഘട്ടങ്ങളായിട്ടാണ് ഈ സെൻസസ് എടുത്തത്. ആദ്യഘട്ടത്തിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളതെന്ന് പ്രാഥമികമായി ബോദ്ധ്യമുള്ളവരെ ഒഴിവാക്കി. അതിനായി അഞ്ച് ഏക്കറിലധികം ഭൂമിയോ മെച്ചപ്പെട്ട വീടോ കളർ ടെലിവിഷനോ ഒന്നിൽകൂടുതൽ സീലിംഗ് ഫാനോ സ്കൂട്ടർ, ത്രീവീലർ, ട്രാക്ടർ, കൊയ്ത്ത് യന്ത്രം ഇവയോ ശമ്പളം അല്ലെങ്കിൽ തൊഴിൽ ഇനത്തിൽ 20,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവരെയോ ആണ് ഒഴിവാക്കിയത്. ബാക്കിയുള്ള കുടുംബങ്ങളുടെ വിശദമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച്, 23,60,000 കുടുംബങ്ങൾ ഇത്തരത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്നതായി പ്രാഥമിക സർവേയിൽ കണ്ടെത്തിയിട്ടുണ്ട്. ആ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം തേടിയിട്ടായിരിക്കും അന്തിമലിസ്റ്റ് അംഗീകരിക്കുന്നത്. മുൻ സർവേ പ്രകാരം 11,000 രൂപയായിരുന്നു കുടുംബ വരുമാനം നിശ്ചയിച്ചിരുന്നത്. അത് ശരാശരി 20,000 രൂപ എന്ന നിലയിൽ ഈ സർവേയിൽ തിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഈ ലിസ്റ്റുതന്നെയായിരിക്കും ഇനി മുതൽ പിൻതുടരുക.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ദാരിദ്ര്യരേഖയ്ക്കുമുകളിൽ കൊണ്ടു വരുന്നതിനുവേണ്ടി നടപ്പിലാക്കുന്ന നിരവധി പദ്ധതികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി എത്ര പേരെ ഈ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ; ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവരുടെ സംഖ്യ എത്രയായിരുന്നു, ഇപ്പോൾ എത്രയാണ്, ഈ കുടുംബങ്ങളുടെ കണക്കാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അവരുടെ ജനസംഖ്യ എത്രയാണെന്നുകൂടി പറയാൻ സൻമനസുണ്ടാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീമതി ആർ. ലതാദേവി : ഈ സർവേ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും ഇതിനായിട്ട് എന്തുമാത്രം സാമ്പത്തിക ചെലവുണ്ടായിയെന്നും ഇതിന്റെ അന്തിമലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നും ഗവൺമെന്റ് വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അന്തിമലിസ്റ്റ് താമസിയാതെ പ്രസിദ്ധീകരിക്കാൻ കഴിയും. വിവിധ ഡിപ്പാർട്ടുമെന്റുകളിൽപ്പെട്ട ആളുകളെയാണ് സർവേയ്ക്കുവേണ്ടി നിയോഗിച്ചത്. അവരുടെ സഹകരണത്തോടുകൂടിയാണ് സർവേ നടത്തിയിട്ടുള്ളത്. എത്ര രൂപ ചെലവായിയെന്നുള്ളത് കണക്കാക്കപ്പെട്ടതിന്റെ വിവരം എന്റെ കൈവശമില്ല.

ശ്രീമതി ആർ. ലതാദേവി : ഈ പ്രാഥമിക സർവേയിൽനിന്നും ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള ആളുകൾ ഏറ്റവുമധികം അധിവസിക്കുന്ന ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് ഏതാണെന്ന് മനസിലാക്കാൻ സാധിച്ചിട്ടുണ്ടോ ? സാധിച്ചിട്ടുണ്ടെങ്കിൽ ഈ പ്രത്യേക ഗ്രാമ പഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ പദ്ധതികളെ സംബന്ധിച്ച് ഞാൻ നേരത്തേ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നമ്മുടെ പല പദ്ധതികളുടെയും പേര് മാറ്റിയിട്ടുണ്ട്. സ്വർണജയന്തി റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, ജവഹർ ഗ്രാമസമൃദ്ധി യോജന ഇതെല്ലാം വഴിയാണ് ഗ്രാമവികസനവകുപ്പിന്റെ കീഴിലുള്ള സഹായങ്ങൾ നിശ്ചയിക്കുന്നത്. അത് ഓരോ ഘട്ടത്തിലും കണക്കാക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ അന്തിമമായി കണക്കാക്കിയതിന്റെ ലിസ്റ്റ് എന്റെ കൈവശമില്ല.

ശ്രീ. എൻ. അനിരുദ്ധൻ : ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന സഹായങ്ങൾ അവർ പ്രയോജനപ്പെടുത്തുന്നുണ്ടോ ; അതുമൂലം ആ കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെയൊരു മോണിറ്ററിംഗ് സംവിധാനമുണ്ടാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ട്രൈസം പദ്ധതിയുണ്ട്. ട്രൈസം പദ്ധതിയിൻകീഴിൽ തൊഴിൽ പരിശീലിപ്പിക്കുന്നുണ്ട്. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ ചൂണ്ടിക്കാണിച്ചു. പരിശീലിപ്പിച്ച തൊഴിലിൽ ഏർപ്പെട്ട് ജീവിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കികൊണ്ടല്ല ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഞങ്ങൾ റിവ്യൂ നടത്തിയപ്പോൾ ഈ പരിശീലനം കിട്ടിയ 20 ശതമാനം ആളുകൾക്ക് മാത്രമാണ് എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ട് ജീവിക്കാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ട് ആ പദ്ധതി ഞങ്ങൾ പരിഷ്ക്കരിച്ചു. ഏതു തൊഴിലിനാണോ ഒരു ബ്ലോക്കതിർത്തിയിൽ കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളത് ആ തൊഴിലിൽ പരിശീലനം കൊടുക്കുക എന്നുള്ള നിലയിൽ അതു പുനഃസംഘടിപ്പിക്കപ്പെട്ടു. അതിനുശേഷം വളരെ മാറ്റമുണ്ടായിട്ടുണ്ട്. മുമ്പ് പതിനൊന്നായിരം രൂപവരെ വരുമാനമുള്ളവരായിരുന്നു ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ. ഇപ്പോൾ ആ വരുമാന പരിധി ഉയർത്തിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് തൊഴിലുണ്ടാക്കാൻ ചില പദ്ധതികൾ ഉണ്ടാക്കിയിട്ടുണ്ട്. പയ്യന്നൂർ ബ്ലോക്കിൽ ഞാൻ പോയപ്പോൾ ഒരാൾപോലും അവിടെ തൊഴിൽ കൊടുക്കുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടില്ല എന്നാണ് അറിഞ്ഞത്. അതുകൊണ്ട് തൊഴിലിനായി അപേക്ഷിക്കാത്തത് വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തതു കൊണ്ടാണ് എന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്. അതു പരിഷ്ക്കരിക്കാനുള്ള നടപടി എടുത്തുവരികയാണ്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, നമ്മുടെ സംസ്ഥാന ജനസംഖ്യയിൽ എത്ര ശതമാനം ആളുകളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നതെന്ന് മനസിലാക്കിയിട്ടുണ്ടോ ; ഈ സഹായ പദ്ധതി നടപ്പിലാക്കിയതിനുശേഷം അതുകൂടി വരികയാണോ, കുറഞ്ഞു വരികയാണോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം കുറഞ്ഞു വരികയാണ്. പതിനൊന്നായിരം രൂപ ഇപ്പോൾ ഇരുപതിനായിരം രൂപയാക്കി മാറ്റിയപ്പോൾ മൂന്നുലക്ഷത്തിൽപ്പരം ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെ നിന്നും ദാരിദ്ര്യ രേഖയ്ക്ക് മുകളിലായി എന്നാണ് കണക്ക്.

ശ്രീ. കെ. പ്രകാശ് ബാബു : ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് ഇരുപത്തി മൂന്നു ലക്ഷത്തി അറുപതിനായിരം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നതായിട്ടാണ് കണക്ക് എന്നാണ്. കഴിഞ്ഞ പത്തു വർഷത്തിലധികമായി ജെ. ആർ. വൈ. സ്കീമായാലും ഐ. എ. വൈ. സ്കീമായാലും മില്യൻ വെൽ സ്കീമായാലും നിരവധി സ്കീമുകൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേരളത്തിൽ നടപ്പാക്കുന്നുണ്ട്. പലപ്പോഴും അതിന്റെ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ലാത്തതുകൊണ്ട് പല സ്കീമുകളും പ്രയോജനപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇത്തരം സ്കീമുകൾക്ക് കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും ഇന്നുള്ളവയുടെ അപര്യാപ്തത പരിഹരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതു പലവട്ടം പരിശോധിച്ചതിന്റെ ഫലമായിട്ടാണ് വിശദമായ സർവ്വേ ഈ രംഗത്ത് നടത്തണമെന്ന് തീരുമാനിച്ചത്. മിക്കവാറും എല്ലാ ഡിപ്പാർട്ടുമെന്റിനും ഉപയോഗിക്കാൻ പറ്റുന്ന രൂപത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരേയും പങ്കെടുപ്പിച്ചുകൊണ്ടാണ് സർവെ നടത്തുന്നത്. ഗ്രാമസഭകൾ കൂടി ആ ഗ്രാമസഭാതീർത്തിയിൽ വിവിധ വിഭാഗത്തിൽപ്പെട്ട തൊഴിൽ സാദ്ധ്യതകൾ പരിശോധിക്കാനും നടപടിയെടുക്കാനും സഹായകരമായിട്ടുള്ള സർവെ നടത്തി രേഖകൾ തയ്യാറാക്കിയാണ് ഓരോ ജില്ലയിലെയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയത്.

ശ്രീ. കെ. പ്രകാശ് ബാബു : ഇതിന്റെ ഫൈനൽ ലിസ്റ്റ് ഇനിയും തയ്യാറായിട്ടില്ല എന്നുപറഞ്ഞു. പഞ്ചായത്തുകൾക്ക് അവരുടെ അടുത്ത വാർഷിക പദ്ധതിയിലെങ്കിലും ദാരിദ്ര്യരേഖ പദ്ധതിക്ക് അനുസരിച്ചുള്ള നടപടികൾ തയ്യാറാക്കണമെങ്കിൽ അടുത്ത മാർച്ചിനു മുമ്പ് ഈ ലിസ്റ്റ് ഫൈനലൈസ് ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു രൂപ കുറച്ച് റേഷനരി കൊടുത്തപ്പോൾ കേരളത്തിൽ കുറെക്കൂടി ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളതിന്റെ 45 ശതമാനം കുടുംബങ്ങൾക്ക് പ്രയോജനം കിട്ടി. അതുപോലെ കുറച്ചുകൂടി ഉദാരമായ സമീപനം ഈ വകുപ്പിൽ എടുക്കുന്നതിന് തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് ഏതാണ്ട് സമഗ്രമായ ഒരു ലിസ്റ്റ് എന്നാണ് ഞാൻ ഉദ്യോഗസ്ഥന്മാരുമായി സംസാരിച്ചപ്പോൾ മനസിലായത്. കഴിയുന്നത്ര വേഗം ഈ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭകൾക്ക് കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി : സർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഒരു സീലിംഗ് ഫാൻ ഇട്ടാൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ പോകുമെന്നു പറഞ്ഞു. അതു കേന്ദ്രഗവൺമെന്റിന്റെ നോംസാണ്. ഈ കാലഘട്ടത്തിൽ ഗവൺമെന്റോ ത്രിതല പഞ്ചായത്തോ സഹായം നൽകി പാവപ്പെട്ട ഒരാളിന് ഒരു വീട് വച്ചുകിട്ടിയാൽ ആ വീട്ടിൽ ഒരു സീലിംഗ് ഫാൻ ഇടുന്നതുമൂലം അയാൾ ദാരിദ്ര്യരേഖയ്ക്കു പുറത്തു പോകുമെന്നു പറയുന്ന ആ മാനദണ്ഡം ശരിയാണോ ; ഇല്ലെങ്കിൽ ആ മാനദണ്ഡം ഉയർത്തി കിട്ടാൻവേണ്ടി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നതിൽ കഴിയുന്നത്ര ന്യൂനതകൾ പരിഹരിച്ചുകൊണ്ട് തന്നെയാണ് ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി കൊടുത്തത്. വരുമാനവും വിവിധ തരത്തിലുള്ള ജീവിതരീതിയും ഒക്കെ വച്ചുകൊണ്ടാണ് ലിസ്റ്റ് തയ്യാറാക്കപ്പെട്ടത്. ആ അടിസ്ഥാനത്തിൽ രണ്ടു വിഭാഗമായി തരംതിരിച്ച് തയ്യാറാക്കിയ തൃപ്തികരമായ ലിസ്റ്റാണ് വയ്ക്കാൻ പോകുന്നത്.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഡി.പി.എൽ. സർവെ നടത്തുന്നതിന് ഉദ്യോഗസ്ഥന്മാരെ മാത്രമാണ് ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത്. പലപ്പോഴും വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ പോകുന്നതുപോലെ ഏതെങ്കിലും ഒരു വീട്ടിൽ ഇരുന്നുകൊണ്ട് സർവെ നടത്തുന്ന സ്ഥിതി നിലവിലുണ്ട്. അതിനാൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സർവെ കൂടുതൽ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർവെ പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കാൻ വ്യവസ്ഥയുണ്ട്. വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുമ്പോൾ തന്റെ പാർട്ടിക്ക് കൂടുതൽ വോട്ടു കിട്ടത്തക്ക കാഴ്ചപ്പാടായിരിക്കും അംഗീകരിക്കാൻ ഇടയുള്ളത്. അതുകൊണ്ട് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിനു പുറമെ ഇനി ഒരു ലിസ്റ്റ് തയ്യാറാക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ജനപ്രതിനിധികളുടെ കാര്യത്തിൽ, ഇങ്ങനെയുണ്ടായ കുറവു പരിഹരിക്കാൻ ഇപ്പോൾ റാവുത്തർ വിചാരിച്ചാലും ഞാൻ വിചാരിച്ചാലും നിവർത്തിയില്ല.

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട പി. പി. സുലൈമാൻ റാവുത്തർ ചോദിച്ച ചോദ്യവുമായി ബന്ധപ്പെട്ട കാര്യമാണ് എനിക്കും ചോദിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞ സർവെയെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപമുണ്ട്. ഇതെല്ലാം ഗ്രാമസഭകൾക്ക് കൈമാറുന്ന ഘട്ടത്തിൽ ഈ പരാതികൾ ഗ്രാമസഭകൾ തിരുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പരാതിയൊന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർവെ രേഖകൾ അനുസരിച്ചുള്ള നടപടികൾ നടപ്പാക്കുന്ന സമയത്ത് തീരുമാനമെടുക്കാം. ഏതായാലും ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിവല്ല പരാതിയും വരുമോ ഇല്ലയോ എന്നുള്ളതു നോക്കാം.

തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി

5 (*362) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും തൊഴിൽ അപകടങ്ങൾ ഒഴിവാക്കാനുമായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly